**കരഞ്ഞു കൊണ്ട് അവർ നാലുപേർ പോലീസിന്റെ "ചിരി" യിലേക്ക് വിളിച്ചു. വെള്ളരിക്കുണ്ട് പോലീസിലൂടെ അവർക്കിനി ചിരിച്ചു കളിച്ചു പഠിക്കാം..**

കരഞ്ഞു കൊണ്ട് കുട്ടികൾ സംസ്ഥാന പോലീസിന്റെ ചിരി യിലേക്ക് വിളിച്ചു. പോലീസ് ഇടപെട്ടതോടെ ഇനി അവർക്ക് ചിരിച്ചു കൊണ്ട് കളിച്ചു പഠിക്കാം. വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ പരിധിയിലെ കനക പള്ളിയിലെ പ്ലാസ്റ്റിക് ഷെഡിലെ മൺ തറയിൽ വർഷങ്ങളായി കഴിയുന്ന നാലുകൊച്ചു കുട്ടികളാണ് നരക ജീവിതത്തിനിടയിൽ സഹികെട്ട് പഠിപ്പിക്കുന്ന ടീച്ചറിന്റെ സഹായത്തോടെ പോലീസിന്റെ ചിരിയിലേക്ക് കഴിഞ്ഞ ദിവസം ഫോൺ വിളിച്ചത്.

കുട്ടികളുടെ മാനസിക സംഘർഷങ്ങൾ ഒഴിവാക്കായിട്ടുള്ള സംസ്ഥാന പോലീസിന്റെ ഒരു പദ്ധതിയാണ് ചിരി. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത കരിന്തളം പഞ്ചായത്തിലെ കനകപ്പള്ളി യിലെ വില്യാട് വീട്ടിൽ രാമചന്ദ്രന്റെയും വിനീതയുടെയും നാലുമക്കളാണ് കഴിഞ്ഞ ഒരുവർഷമായി ചെറ്റ കുടിലിൽ നരക ജീവിത്തിൽ കഴിഞ്ഞു വന്നത്.

മൂത്ത പെൺകുട്ടി വിനീഷ. മാലോത്ത് കസബ യിലെ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്. രണ്ടാമത്തെ കുട്ടി തളിപ്പറമ്പ പട്ടുവം എം. ആർ. എസ്. സ്കൂളിലെ ഒൻപതാം തരം വിദ്യാർത്ഥി രാജേഷ്. മൂന്നാമത്തെ കുട്ടി പരപ്പ ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ ആറാം തരം വിദ്യാർത്ഥിനി വിനയ നാലാമത്തെ കുട്ടി കനക പ്പള്ളി എൽ. പി സ്കൂളിലെ മൂന്നാം തരം വിദ്യാർത്ഥിനി വിദ്യ.എന്നിവരാണ് നരക

ജീവിതത്തിൽ മനം മടുത്ത് സംസ്ഥാന പോലീസ് ആസ്ഥാനത്തേക്ക് തന്നെ വിളിച്ചത്.

തളിപ്പറമ്പ പട്ടുവം എം. ആർ. എസ്. സ്കൂളിൽ ഒൻപതാം തരത്തിൽ പഠിക്കുന്ന രാജേഷ് ആണ് സ്കൂളിലെ സംഗീത അദ്ധ്യാപിക പറഞ്ഞതനുസരിച്ചുതിരുവന്തപുരം ആസ്ഥാനമായ സംസ്ഥാന പോലീസിന്റെ ചിരിയിലേക്കു തന്റെയും കൂട പിറപ്പുകളായ മറ്റു മൂന്ന് പേരു ടെയും ദുരവസ്ഥ വിവരിച്ചു കൊണ്ട് ഫോണ് വിളിച്ചത്. കോവിഡ് കാലത്ത് തങ്ങൾ നേരിടുന്ന ഓൺലൈൻ പഠനം അടക്കമുള്ള ബുധിമുട്ടുകൾ വിവരിച്ച ഈ നാലു മക്കളുടെ നിഷ്കളങ്ക മായ വാക്കുകൾ ഐ. ജി. പി. യുടെ ഓഫീസ് വെള്ളരിക്കുണ്ട് പോലീസിനെ വിളിച്ചറിയിച്ചു.

ഉടൻ വെള്ളരിക്കുണ്ട് CI. കെ. പ്രേം സദൻ, SI എം. വി. ശ്രീദാസ് എന്നിവർ കുട്ടികളുടെ വീട്ടിലെത്തി. നാലു കുട്ടികളുടെ ദയനീയ അവസ്ഥനേരിൽ കണ്ട ഇവർ കുട്ടികളുടെ പഠനത്തിന് അവശ്യ മായ സഹായം സുമനസുകളോട് അഭ്യർത്ഥിച്ചു.

വെള്ളരിക്കുണ്ട് പോലീസിന്റെ അഭ്യർത്ഥന മാനിച്ച നീലേശ്വരത്തെ സ്നേഹ ദീപം കൂട്ടായ്മ പ്രവർത്തകർ ഈ കുട്ടികൾക്ക് വിലകൂടിയ നല്ലൊരു മൊബൈൽ ഫോൺ സമ്മാനിക്കാൻ സന്നദ്ധത അറിയിച്ചു.

തിങ്കളാഴ്ച ഉച്ചകഴിഞ്ഞു മൂന്ന് മണിക്ക് വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിലെ ജനമൈത്രി പോലീസ് സ്നേഹ ദീപത്തിന്റെ മൊബൈൽ ഫോൺ കനക പള്ളിയിലെ നിർദ്ധനകുട്ടികളുടെ മാതാവ് വിനീതയ്ക്ക് കൈമാറി. ഒപ്പം അമ്മയ്ക്കൊപ്പം എത്തിയ നാലുമക്കൾക്ക് കെ. പി. എസ്. ടി.

എ. യുടെ വക പുത്തൻ ബാഗും പസ്തകവും അടങ്ങിയ പഠനോപകരണ കിറ്റും നൽകി. ദുരിത ജീവിതത്തിനിടയിൽ തന്റെ പഠിക്കുവാൻ മിടുക്കരായ നാലു പൊന്നു മക്കൾക്ക് പഠിക്കുവാൻ വേണ്ടി വെള്ളരിക്കുണ്ട് പോലീസും മറ്റ് സുമനസ്സുകളും ചേർന്ന് വിലപിടിപ്പുള്ള സ്മാർട്ട് ഫോൺ സമ്മാനിച്ചപ്പോൾ ദരിദ്രരിൽ ദരിദ്ര മാതാവായ വിനീത കണ്ണുനീർ പൊഴിച്ചു.

ഇത് കണ്ടു നിന്ന വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിലെ മുഴുവൻ പോലീസുകാരും ഈ അമ്മയുടെയും മക്കളുടെയും ദുരിത ജീവിത കഥകേട്ട് അമ്പരന്നു. പഠിക്കുവാൻ സഹായം തേടി പോലീസിനെ വിളിച്ച കുട്ടികളെ പോലീസ് സഹായത്തോടെയാണ് തിങ്കളാഴ്ച വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിൽ എത്തിച്ചത്. വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിൽ നടന്ന ചടങ്ങിൽ സി. ഐ. കെ. പ്രേം സദൻ കുട്ടികൾക്ക് മൊബൈൽ ഫോണും പഠനോപകാരണങ്ങളും കൈമാറി. എസ്. ഐ. എം. വി. ശ്രീദാസ്. സ്നേഹ ദീപം കൂട്ടായ്മ പ്രസിഡന്റ് സുരേഷ് വൈറ്റ് ലില്ലി. അലോഷ്യസ് ജോർജ്. സീനിയർ സിവിൽ പോലീസ് ഓഫീസർ വേണുഗോപാൽ. എ. എസ്. ഐ. ജയപ്രകാശ് എന്നിവർ പങ്കെടുത്തു.

കോവിഡ് കാലത്ത് വീട്ടിൽ മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് കൈത്താങ്ങ് ആവുക എന്ന ലക്ഷ്യ ത്തോടെയാണ് ചിരി പദ്ധതി ആരംഭിച്ചത്. . എറണാകുളം ഐ. ജി. ഓഫീസ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന പദ്ധതിയുടെ നോഡൽ ഓഫീസർ വിജയൻ ഐ. പി. എസ്. ആണ്.




AI DUAL CAMERA